നം.1178/ഇ2/2010/കെഎസ്എച്ച്ഒ 04/03/2020

# കുടുംബശ്രീ കരാർ നിയമനം

## വിജ്ഞാപനം - (Code :PM (Gender))

കുടുംബശ്രീ മിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന ജെൻഡർ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള **സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ജെൻഡർ)** തസ്തികയിലുള്ള ഒഴിവിലേയ്ക്ക് ചുവടെ ചേർക്കുന്ന യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിയമനം കരാർ വ്യവസ്ഥയിലായിരിക്കും.

1. **തസ്തിക** : **സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ജെൻഡർ)**

2. **ഒഴിവ്** : 1 (സംസ്ഥാന മിഷൻ)

3. **നിയമന രീതി** : കരാർ നിയമനം (01/4/2020 മുതലോ കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31/03/2021 വരെയോ ആയിരിക്കും കരാർ കാലാവധി)

4. **വിദ്യാഭ്യാസ യോഗ്യത** :
   1. എം.എസ്.ഡബ്ല്യു അല്ലെങ്കിൽ റൂറൽ ഡെവലപ്മെന്റിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ ആന്ത്രപ്പോളജി/ വിമൻസ്റ്റഡീസ്/ സോഷ്യോളജി/ പൊളിറ്റിക്കൽ സയൻസ്/ ഗാന്ധിയൻ സയൻസ്/ ഡെവലപ്മെന്റ് സ്റ്റഡീസ് എന്നിവയിൽ എതിലെങ്കിലും ഉള്ള ബിരുദാനന്തരബിരുദം
   2. കംപ്യൂട്ടർ പരിജ്ഞാനം നിർബന്ധമാണ്. ഇംഗ്ലീഷിൽ മികവോടുകൂടി അവതരണം നടത്താനും, റിപ്പോർട്ട് തയ്യാറാക്കാനും സാധിക്കണം.

4. **പ്രായപരിധി** : 01/03/2020 ന് 45 വയസ്സിൽ കൂടാൻ പാടില്ല

5. **പ്രവൃത്തിപരിചയം**
   1. കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലോ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിവിധ ഡെവലപ്പ്മെന്റ് പ്രോജക്ടുകളിലോ, മികച്ച സ്ഥാപനങ്ങളിലോ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ 7 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധം.
   2. കുടുംബശ്രീയിൽ പ്രവർത്തനപരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

Scanned by CamScanner

6. **വേതനം** : 60,000 രൂപ പ്രതിമാസം.

7. **ജോലിയുടെ സ്വഭാവം**

1. കുടുംബശ്രീ ജെൻഡർ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ആസൂത്രണവും പദ്ധതി നിർവ്വഹണവും.
2. സംസ്ഥാനത്തിനകത്തും, പുറത്തുമായി ഫീൽഡ്തല പ്രവർത്തനങ്ങൾ

8. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തരമാണ് നടപ്പിലാക്കുന്നത്.
3. അപേക്ഷാർത്ഥികൾ 2000 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

9. **നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡേറ്റകളും, പ്രവൃത്തിപരിചയവും വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സി.എം.ഡി.ക്കുണ്ടായിരിക്കും.
2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃത്തിപരിചയവും പരിഗണിച്ച് യോഗ്യരായവരെ അഭിമുഖത്തിനു വിളിച്ച്, അവരിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കും. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ എഴുത്തു പരീക്ഷയും, ഇന്റർവ്യൂവുമോ അല്ലെങ്കിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും ഇന്റർവ്യൂവുമോ ഏതാണോ അനുയോജ്യമായത് ആ രീതിയിൽ നിയമന പ്രക്രിയ നടത്തുന്നതിന് സി.എം.ഡി.ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
3. അപേക്ഷക(ൻ) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇതിൽ ഫീൽഡ്തല പ്രവൃത്തിപരിചയം ഉള്ളവിവരം വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

10. **അപേക്ഷകൾ <u>www.cmdkerala.net</u> എന്ന വെബ്സൈറ്റിലൂടെ Online – ആയി സമർപ്പിക്കേണ്ടതാണ്.**

11. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** : 31/03/2020, വൈകുന്നേരം 5 മണി

Scanned by CamScanner

12. മറ്റു നിബന്ധനകൾ

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online- അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകളും, നിശ്ചിത യോഗ്യതകൾ ഇല്ലാത്ത അപേക്ഷകളും പരിഗണിക്കുന്നതല്ല.
2. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം Online- ആയി അടയ്ക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. പ്രസ്തുത തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ട പ്രവൃത്തിപരിചയം നിയമനം ലഭിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. ടി തസ്തികയിൽ നിയമനം ലഭിച്ചാൽ മുൻ പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

9/3/20

എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

Scanned by CamScanner